കയും നാടകകൃത്തായ ശ്രീ. പി.എം. ആന്റണിയെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇതുകൂടാതെ നവംബർ മാസം 10-ാം തീയതി വൈകിട്ട് 4.20-ന് ശ്രീ. പി.എം. ആന്റണിയെയും, നാടകത്തിലെ അഭിനേതാക്കളായ 20 പേരെയും, ആലപ്പുഴ കോൺവന്റ് റോഡിനടുത്തു വച്ച് ടൗൺ സർക്കിൾ ഇൻസ്പെക്ടർ അറസ്റ്റ് ചെയ്യുകയുണ്ടായി. അവർ നാടകത്തിൽ തങ്ങളെ അഭിനയിക്കുന്ന കഥാപാത്രങ്ങളുടെ വേഷം മണിഞ്ഞ് കാഞ്ഞിരംചിറ മുതൽ ആലപ്പുഴ ടൗൺവരെ ഒരു പ്രകടനം നടത്തിവരികയായിരുന്നു. അവരുടെ പേരിൽ ക്രൈം 441/86 അണ്ടർ സെക്ഷൻ 43, 143, 147, 149, 295 (എ) ഐ.പി.സി. പ്രകാരം ആലപ്പുഴ ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും, അവരെ 11-ാം തീയതി കോടതിയിൽ ഹാജരാക്കുകയും ചെയ്തു. കോടതി അവരെ ജാമ്യത്തിൽ വിട്ടു.

പുതിയ ചെറിയ തുറമുഖങ്ങളും, കായ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും

*474 [505] ശ്രീമതി പി. ദേവകി:
ശ്രീ. ടി.കെ. അബ്ദു:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പുതുതായി ചെറിയ തുറമുഖങ്ങളും, ചെറിയ കായ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെ എല്ലാം?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്):

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) താഴെ പറയുന്ന തുറമുഖങ്ങൾ:

(1) പുതിയാപ്പ
(2) മുനമ്പം
(3) ചോമ്പാൽ
(4) പെരുമ്പത്തൂർ
(5) പേനുവാ
(6) തോട്ടപ്പള്ളി
(7) കായംകുളം
(8) തങ്കശ്ശേരി
(9) മുതലപ്പൊഴി

LIBRARY ARCHIVES Kerala Legislative Assembly

കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ (ഫിഷ്‌ലാന്റിംഗ് സെന്ററുകൾ):

(1) കാസർഗോഡ്.
(2) ചെറുവത്തൂർ
(3) മുനയ്ക്കക്കടവ്
(4) നീലേശ്വരം
(5) ചേറ്റുവ
(6) പാലക്കാട്
(7) ധർമ്മടം
(8) സൗത്ത് പറവൂർ
(9) ന്യൂമാഹി
(10) തോട്ടപ്പള്ളി
(11) അന ധകാരനഴി

കൂടാതെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കുവേണ്ടി 59 സ്ഥലത്തും മത്സ്യം കരയ്ക്കടുപ്പിക്കാനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. ഇവ ഏതൊക്കെ കേന്ദ്രങ്ങളിലാണെന്നുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീമതി പി. ദേവൂട്ടി: ഇവിടെ ഒരു സ്റ്റേറ്റുമെന്റ് തന്നിട്ടുണ്ട്. വളരെ പ്രസിദ്ധമായ അഴീക്കോട് തുറമുഖത്തിന്റെ പേര് കണ്ണൂർ ജില്ലയുടെ ലിസ്റ്റിൽ കാണുന്നില്ല. എന്നാൽ കൊല്ലം ജില്ലയിലെ ചെറിയഴീക്കൽ, അഴീക്കൽ എന്നീ രണ്ട് തുറമുഖങ്ങളുടെ പേര് എഴുതിക്കാണുന്നുണ്ട്. കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖത്തിന്റെ പേര് ഇതിൽ പെടുത്താത്തത് എന്തുകൊണ്ടാണ്; മന്ത്രിക്ക് ഇതിനെപ്പറ്റി പരിചയം ഇല്ലാത്തതുകൊണ്ടാണോ?

ശ്രീ. എ.എൽ. ജേക്കബ്: മൽസ്യബന്ധന തുറമുഖങ്ങളുടെ പേര് മാത്രമേ പറഞ്ഞിട്ടുള്ളു.

ശ്രീമതി പി. ദേവൂട്ടി: 7-ാം പഞ്ചവത്സരപദ്ധതിയിൽ ഈ തുറമുഖങ്ങൾക്കുവേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

ശ്രീ. എ.എൽ. ജേക്കബ്: അതിനുവേണ്ടി ചെലവഴിച്ചിട്ടില്ല. അതിന് സെൻട്രൽ ഗവൺമെന്റിനു എഴുതിയിട്ടുണ്ട്, സാംഗ്ഷൻ കിട്ടിയ ശേഷം ചെയ്യുന്നതാണ്.

ശ്രീ. ടി.കെ. അബ്ദു: കൊടുങ്ങല്ലൂർ അഴി ഒരു മൈനർ പോർട്ടായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇന്ന് ആ അഴിയിൽ മണൽത്തിട്ട വീണടഞ്ഞ് വള്ളങ്ങൾക്കും ബോട്ടുകൾക്കും കയറി വരാൻ നിവൃത്തിയില്ലാതെ തൊഴിലാളികൾ അവിടെ മരിക്കുന്നു, വഞ്ചി മറിയുന്നു, ബോട്ട് മറിയുന്നു, ഇങ്ങനെയെല്ലാം നടക്കുന്നു. ബോട്ട് അടുപ്പിക്കാനുള്ള ശ്രമം നടത്തിയില്ലെങ്കിലും ആളുകൾ മരിക്കുന്നത് ഒഴിവാക്കാൻ മണൽത്തിട്ട നീക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ.എൽ. ജേക്കബ്: അതിനുവേണ്ടി പത്തുലക്ഷം രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്. ബാക്കിയ്ക്ക് കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കുവേണ്ടി എഴുതിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. അബ്ദു: കൊടുങ്ങല്ലൂർ മൈനർ പോർട്ടായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആ സന്ദർഭത്തിൽ മണ്ണാലിപ്പ് തടയുന്നതിന് വിദഗ്ദ്ധമായ പരിശോധന നടത്തിയിട്ടാണോ ഈ പ്രഖ്യാപനം നടത്തിയിട്ടുള്ളത്?

ശ്രീ. എ.എൽ. ജേക്കബ്: കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ലാൻറിംഗ് ട്രീസസിന്റെ സ്വഭാവത്തിച്ച് പറഞ്ഞു. മുൻഗണനാക്രമം അനുസരിച്ച് പടിപടിയായി ഏതെല്ലാം സ്ഥലങ്ങളിൽ നിർമ്മിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. എ.എൽ. ജേക്കബ്: പുതിയാപ്പ, മുനമ്പം, തങ്കശ്ശേരി എന്നീ മൂന്നു ചെറുകിട മത്സ്യബന്ധന തുറമുഖങ്ങൾക്ക് വേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കുവേണ്ടി അയച്ചിരിക്കുകയാണ്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: 1984-85-ലെ ബഡ്ജറ്റിൽ പുതിയാപ്പ ഫിഷിംഗ് ഹാർബറിനുവേണ്ടി പണം നീക്കിവച്ചു. എന്തുകൊണ്ട് അവിടെ അത് ഇംപ്ലിമെന്റ് ചെയ്യാൻ കഴിഞ്ഞില്ല?

ശ്രീ. എ.എൽ. ജേക്കബ്: കേന്ദ്ര അനുമതി കിട്ടിയാൽ മാത്രമേ അത് ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ.സി. ജോസഫ്: ഗവൺമെന്റിൽനിന്ന് ലക്ഷക്കണക്കിന് രൂപ മുതൽ മുടക്കി അഴീക്കൽ തുറമുഖം നിർമ്മിച്ചു. ഫിഷിംഗ് ഹാർബർ, ഐസ് പ്ലാന്റ് മുതലായവ പ്രവർത്തനരഹിതമായി കിടക്കുകയാണ്. അഴീക്കൽ തുറമുഖത്ത് മണൽത്തിട്ട ഇടിഞ്ഞ് മണ്ണടിയുന്നതുമൂലമുള്ള പ്രയാസം കണക്കിലെടുത്ത് അവിടെ എത്രയും വേഗം ഡ്രഡ്ജിംഗ് നടത്താൻ മീന എന്ന കപ്പൽ അയച്ചിട്ടുണ്ടോ, അതിനുള്ള നിർദ്ദേശം ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. എ.എൽ. ജേക്കബ്: ഡ്രഡ്ജിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. കൂടുതൽ ആഴമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ.സി. ഷൺമുഖദാസ്: എല്ലാ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും കേന്ദ്രഗവൺമെന്റ് അംഗീകാരം തരാൻ തയ്യാറാകുമാറ് കേന്ദ്രത്തിന്റെ മുമ്പിൽ എല്ലാ രേഖകളും പൂർത്തീകരിക്കുകയും ചെയ്ത് പുതിയാപ്പയ്ക്ക് ബഡ്ജറ്റ് പ്രൊവിഷൻ കാണിക്കാതിരിക്കുകയും അത്രേസമയം അടുത്ത സാമ്പത്തിക വർഷം പോലും ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകാത്ത തങ്കശ്ശേരി തുടങ്ങിയ (പേര് ഞാൻ പറയുന്നില്ല) തുറമുഖങ്ങൾക്ക് ബഡ്ജറ്റ് പ്രൊവിഷൻ വയ്ക്കുകയും ചെയ്തു. അതിന്റെ ഫലമായി ഈ സാമ്പത്തിക വർഷമോ അടുത്ത സാമ്പത്തിക വർഷമോ പുതിയ ഒരു തുറമുഖത്തിന്റേയും പണി നടക്കുകയില്ല എന്നത് കണക്കിലെടുത്ത് പുതിയാപ്പയ്ക്കുവേണ്ടി ബഡ്ജറ്റിൽ പ്രത്യേകം തുക കണ്ടെത്താനും

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പ്രവർത്തനത്തിനുവേണ്ടി മുൻഗണന കൊടുക്കാനും സംസ്ഥാനഗവൺമെന്റ് കേന്ദ്രത്തോട് ആവശ്യപ്പെടുമോ? അങ്ങനെ ചെയ്താൽ ഈ വർഷം പണി തുടങ്ങാവുന്ന ഒന്നാണ് പുതിയാപ്പ.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): നമ്മുടെ സംസ്ഥാനത്തിന് ഏറ്റവും വലിയ വരുമാനമുണ്ടാകുന്നത് മത്സ്യബന്ധനത്തിൽ നിന്നാണ്. അതുകൊണ്ട് എല്ലാ ഫിഷിംഗ് ഹാർബറുകളും ഫിഷ് ലാൻറിംഗ് സെൻറുകളും വികസിപ്പിക്കണമെന്നുള്ളത് കേരളത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ്. ആ നിലയിൽ കേന്ദ്രത്തിന്റെ മുമ്പിൽ പത്തിരുപത് ഫിഷ് ലാൻറിംഗ് സെൻറുകളുണ്ട്. കേരള ഗവൺമെൻറിന്റെ നയമെന്നുള്ള നിലയിൽ സംസ്ഥാനത്തിന്റെ വിഹിതമായി ഏതെല്ലാം കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്തണമെന്നുള്ള കാര്യത്തിന് മുൻഗണന കൊടുക്കും. തീർച്ചയായിട്ടും കേന്ദ്രഗവൺമെൻറ് ഇക്കാര്യത്തിൽ അനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. തീർച്ചയായിട്ടും ഇത് വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. എ.സി. ഷൺമുഖദാസ്: സംസ്ഥാനത്തിന് വളരെ നഷ്ടം വന്നതും കേന്ദ്രഗവൺമെൻറ് ടോപ്പ് പ്രയോറിട്ടി കൊടുത്ത് എല്ലാം പൂർത്തിയായതും പുതിയാപ്പയാണ്. അതിന് പ്രൊവിഷൻ കാണിച്ചില്ല. നേരത്തെ പ്രൊവിഷനുണ്ടായിരുന്നത് എടുത്തുകളഞ്ഞു. എന്നാൽ യാതൊരു പ്രവർത്തനവും നടക്കാത്ത തങ്കശ്ശേരി തുടങ്ങിയവയ്ക്ക് ബഡ്ജറ്റ് പ്രൊവിഷൻ വയ്ക്കുകയും ചെയ്ത നിലപാട് മാറുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ശ്രീ. ഷൺമുഖദാസ് കുറച്ചുകാലം പോർട്ടിന്റെ മന്ത്രിയായിരുന്നല്ലോ. സംസ്ഥാനത്തെ എല്ലാ ഫിഷിംഗ് ഹാർബറുകളും ഫിഷ് ലാൻറിംഗ് സെൻറുകളും വികസിപ്പിക്കണമെന്നുള്ളതാണ് ഈ ഗവൺമെൻറിന്റെ നയം. അതിന് ബഡ്ജറ്റിൽ തുക ഇല്ലെങ്കിൽ പോലും സംസ്ഥാനഗവൺമെൻറ് ആവശ്യമായ സഹായം ചെയ്യും. കേന്ദ്രഗവൺമെൻറും ഇക്കാര്യത്തിൽ വളരെ അനുകൂലമായ് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എം. എം. ഹസ്സൻ: ചിറയിൻകീഴ് താലൂക്കിലെ മുതല പ്പൊഴിയിൽ ഒരു ചെറുകിട മത്സ്യബന്ധന തുറമുഖം ആരംഭിക്കണമെന്നും വളരെക്കാലമായി മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെടുന്നുണ്ട്. ഈ കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിലുണ്ടോ? അത് പരിഗണിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. വി. ജോസഫ്: കടലിലും കായലിലുമൊക്കെ മത്സ്യം പിടിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനത്തെക്കുറിച്ചും അവർക്ക് തുറമുഖമുണ്ടാക്കുന്ന കാര്യത്തെക്കുറിച്ചുമൊക്കെ ഇവിടെ പറഞ്ഞു. നമ്മുടെ ആറുകളിലും തോടുകളിലും ഒക്കെ മത്സ്യം പിടിക്കുന്ന മത്സ്യത്തൊഴിലാളികളെക്കൂടി ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ വല്ല പദ്ധതികളുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ്: ആറിലും തോട്ടിലുംനിന്ന് മത്സ്യം പിടിക്കുന്നവരെ സംബന്ധിച്ചിടത്തോളം എന്തുചെയ്യണമെന്ന് ഇതുവരെ ആലോചിച്ചിട്ടില്ല.

ശ്രീ. സിറിയക്ക് ജോൺ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് ബഡ്ജറ്റിംഗിനെ സംബന്ധിച്ചിടത്തോളം തീർച്ചയായും വിവരമുണ്ടായിരിക്കുമല്ലോ. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായതിനു ശേഷം മാത്രമേ പദ്ധതികൾ ഏതായാലും നടപ്പിലാക്കാൻ കഴിയുകയുള്ളൂ. കേന്ദ്രഗവൺമെന്റിന്റെ അംഗീകാരവും വേണം. അതേ അവസരത്തിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുള്ളതും, കേന്ദ്ര ഗവൺമെന്റിന്റെ ഫോർമലായിട്ടുള്ള അംഗീകാരവും മാത്രം കിട്ടേണ്ടതായിട്ടുള്ള പുതിയാപ്പയെ സംബന്ധിച്ചിടത്തോളം അതിനു വീ-അപ്രോപ്രിയേഷനോ മറ്റെന്തെങ്കിലും തരത്തിലുള്ള നടപടികളോ സ്വീകരിച്ചുകൊണ്ട് അത് നടപ്പിലാക്കുന്നതിന് വല്ല സമീപനവും എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രത്തിലയച്ചിട്ടുണ്ട്. കേന്ദ്രാനുമതിക്കുവേണ്ടി കാത്തിരിക്കുകയാണ്.

ശ്രീ. പി. സീതി ഹാജി: ഒരു പിന്നോക്ക ജില്ലയായ മലപ്പുറം ജില്ലയിലെ മൂന്നിലൊരു ഭാഗം കടലോരപ്രദേശമാണ്. അവിടെയൊരു ഷിപ്പിംഗ് ഹാർബറോ, ലാൻഡിംഗോ ഒന്നുംതന്നെയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രിയുടെ പ്രദേശമായ പരപ്പനങ്ങാടിയിൽ ഒരു ഷിപ്പിംഗ് ലാൻഡ് നിർമ്മിക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ആലോചിക്കാം.

ശ്രീ. കെ. ചന്ദ്രശേഖരൻ: വടകരയിലെ ചോമ്പാലയിൽ ഒരു മിനി ഫിഷിംഗ് ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ, പഠനം, ഇവയെല്ലാം പൂർത്തിയായിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടനെ തുടങ്ങാനുള്ള നടപടികളെടുക്കുമോ? വിവരമില്ലായെന്നുണ്ടെങ്കിൽ അതേക്കുറിച്ച് അന്വേഷിച്ച് വേണ്ടത് ചെയ്യുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതേക്കുറിച്ച് അന്വേഷിച്ച് അതിന്റെ പ്രാധാന്യം മനസ്സിലാക്കി വേണ്ടത് ചെയ്യാം.

ശ്രീ. എ. സി. ജോസ്: കേരളം ജലസമ്പത്തുകൊണ്ട് സമൃദ്ധവും ധന്യവുമാണ്. അഞ്ഞൂറ്, അറുനൂറോളം കി. മീ. ദൂരത്തിൽ കടലോരങ്ങളും അത്രയുംതന്നെ കായലോരങ്ങളും കൈത്തോടുകളും നിറഞ്ഞ നാടാണ്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ കേരളത്തിലെ ഏറ്റവും വലിയ ധനാഗമമാർഗ്ഗമാക്കാൻ കഴിയുന്നതും നമ്മുടെ മത്സ്യസമ്പത്താണ്. നാം അതിനാവശ്യമായ ശ്രദ്ധയോ, അതിനാവശ്യമായ പരിപാടികളോ, പദ്ധതികളോ ആവിഷ്കരിക്കുന്നില്ലായെന്നുള്ളതാണ് പരമാർത്ഥം. ഈ വിഷയം കേരളത്തിലെ ലക്ഷക്കണക്കിനു മത്സ്യത്തൊഴിലാളികളേയും, നമ്മുടെ ഖജനാവിനേയും ബാധിക്കുന്ന പ്രശ്നമാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സീതിഹാജി സൂചിപ്പിച്ചതുപോലെ മലപ്പുറം ജില്ലയിലെ കായലോരങ്ങളും കടലോരങ്ങളും ആയിക്കിടക്കുന്ന ആ പ്രദേശത്ത് ഫിഷറീസിനുവേണ്ടിയുള്ള പരിഗണനാതീതമായ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. അത് ആവിഷ്കരിക്കുന്നതിന്റെ ഫലമായി ഉംനാടൻ ജലാശയങ്ങളിൽക്കൂടി തുറമുഖങ്ങൾ സ്ഥാപിക്കാൻ തയ്യാറാകുമോ?

.....(ബഹളം).....

(ഉത്തരം പറഞ്ഞില്ല.)

ശ്രീ. ടി. വി. വിജയരാജൻ: കായംകുളം ഫിഷിംഗ് ഹാർബറിന്റെ പണി തുടങ്ങിയിട്ട് വർഷങ്ങൾ പലതായി. ഈ പണി വളരെ മന്ദഗതിയിലാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഇപ്പോഴത്തെ ധനകാര്യമന്ത്രി ശ്രീ. തച്ചടി പ്രഭാകരനും, ശ്രീ. രമേശ് ചെന്നിത്തലയും ഞാനും കൂടി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരേയും മറ്റെല്ലാ പേരേയും നേരിട്ട് കാണുകയും അത് അല്പം കൂടി പണി വേഗതയിലാക്കണമെന്നും പറഞ്ഞിട്ടുണ്ട്. എന്നിട്ടും ഇപ്പോഴും അതിന്റെ പണി വളരെ മന്ദഗതിയിലാണ് നീങ്ങുന്നത് എന്നുള്ള കാര്യം മനസ്സിലാക്കി അത് സ്പീഡപ്പ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അവിടെ കൂടുതൽ ഫിഷിംഗ് ഹാർബറുകൾ ഉണ്ടാക്കുന്ന കാര്യം ആലോചിച്ചുവരികയാണ്.

ശ്രീ. വി. കെ. രാജൻ: കൊടുങ്ങല്ലൂർ ഒരു മൈനർ പോർട്ടായി പ്രഖ്യാപിച്ചിട്ട് വർഷം പത്തിരുപതോളമായി. ആ പോർട്ടിൽ നാളിതുവരെ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല. അതുപോലെ തന്നെ ഇപ്പോൾ അവിടെ ഫിഷിംഗ് ഹാർബറിനുവേണ്ടി ബഡ്ജറ്റിൽ സംഖ്യയുണ്ട് എന്ന് മുഖ്യമന്ത്രിയും, ശ്രീ. പി. കെ. വേലായുധനും അവിടെ നടന്നുപറയുകയുമാണ്. അവിടെ മൈനർ പോർട്ടിന്റെ പ്രവർത്തനം നടത്തിയിട്ടില്ല. ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം നടത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ? ആ പോർട്ടിൽ മണ്ണിടിഞ്ഞുവീണ് ആളുകൾ മരിക്കുന്നു. അത് നീക്കംചെയ്യാൻ വല്ല നടപടികളുമുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: കൊടുങ്ങല്ലൂർ അഴിക്കുവേണ്ടിയും, പള്ളിപ്പുറം–മുനമ്പം ഫിഷിംഗ് ഹാർബറിനുവേണ്ടിയും 10 ലക്ഷം രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. ബെന്നിബഹനാൻ: നമ്മുടെ മത്സ്യബന്ധനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും, നമ്മുടെ സ്ഥാനത്തിന് കൂടുതൽ ആദായം ഉണ്ടാക്കുന്നതിനുംവേണ്ടി കൂടുതൽ ഫിഷിംഗ് ഹാർബർ തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ബേബിജോൺ: മത്സ്യബന്ധന വികസനത്തിനുവേണ്ടി ഗവൺമെന്റ് പരമാവധി ശ്രമിക്കുന്നുവെന്നൊക്കെ ഇവിടെ പറഞ്ഞു. കഴിഞ്ഞ രണ്ട് ബഡ്ജറ്റിൽ പുതിയാപ്പയ്ക്ക് പ്രൊവിഷനുണ്ടായിരുന്നു. അതിന്റെ സ്കീമും തയ്യാറായി. ഗവർണ്ണറുടെ പ്രസംഗത്തിലുമുണ്ടായിരുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ അതിന് പ്രൊവിഷനില്ലാത്തതിന്റെ കാര്യം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): ഗവൺമെൻറിന്റെ നയമെന്നുള്ള നിലയിൽ ഒരു പക്ഷേ ബഡ്ജറ്റിൽ ഏതെങ്കിലുമൊരു ഹെഡ്ഡിൽ ഫിഷിംഗ് ഹാർബറിന് മൊത്തമൊരു ബഡ്ജറുണ്ട്. ഓരോ ഹെഡ്ഡിനും ഇല്ലെങ്കിൽപോലും നമ്മുടെ സ്ഥാനത്ത് ബഡ്ജറിൽ ഹെഡ് ഇല്ലാത്തതുകൊണ്ട് അത്തരം കാര്യങ്ങൾ നടത്താതിരിക്കുന്നില്ല, അത്യാവശ്യം വേണ്ടതൊക്കെ നടക്കുന്നു. ബഡ്ജറിൽ ഹെഡ് ഇല്ലാതെയാണ് ഈ ഗവൺമെൻറ് ഓണക്കാലത്ത് സൗജന്യ റേഷൻ കൊടുത്തത്. ബഡ്ജറിൽ തുകയില്ലായിരുന്നു. ബഡ്ജറിൽ ഹെഡ്ഡില്ല എന്നുള്ള കാരണത്താൽ അത്യാവശ്യമായ കാര്യങ്ങൾ ചെയ്യാതിരിക്കുന്ന ഒരു സമീപനം ഈ ഗവൺമെൻറിനില്ല. അതുകൊണ്ട് ഏതെങ്കിലും ഫിഷിംഗ് ഹാർബറിനെ സംബന്ധിച്ചിടത്തോളം ബഡ്ജറിൽ ഹെഡ് ഇല്ലായെന്നുള്ളതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം.....

ശ്രീ. ബേബിജോൺ: ബഡ്ജറിൽ പുതിയാപ്പക്ക് പ്രൊവിഷൻ ഉണ്ടായിരുന്നു. ബഡ്ജറ് പ്രസംഗത്തിലുമുണ്ടായിരുന്നു. എന്നിട്ടും ഈ വർഷത്തെ ബഡ്ജറിൽ എന്തുകൊണ്ട് അതിന് പ്രൊവിഷനില്ലാതെ വന്നു എന്നുള്ളത് പറയണം.

ശ്രീ. തച്ചടി പ്രഭാകരൻ: രണ്ട് കാര്യമാണ്, ബഡ്ജറിൽ പ്രൊവിഷനില്ലാത്തതുകൊണ്ട്.....(ബഹളം)..... പ്രത്യേകമായി ചോദിച്ചാലേ അതേക്കുറിച്ച് പറയാൻപറ്റൂ. അതിനാൽ ഈ കാര്യം പ്രത്യേകമായി ചോദിക്കണം.

ശ്രീ. എൻ. ശക്തൻ നാടാർ: വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം ആരംഭിച്ചാൽ ഒരു വർഷം 13 കോടി രൂപയുടെ വരുമാനവും 10,000 പേർക്ക് തൊഴിലും ലഭിക്കും. ഇപ്പോൾ 20 വർഷം കഴിഞ്ഞിരിക്കുന്നു. ഈ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം ഇനി എത്ര വർഷത്തിനകം പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: കേന്ദ്രാനുമതി കിട്ടിയാലുടൻതന്നെ അതിന്റെ പണി പൂർത്തിയാക്കുന്നതാണ്.

ശ്രീ. പി. എം. അബൂബക്കർ: ഈ സംസ്ഥാനത്തെ മത്സ്യ വികസനത്തിനുവേണ്ടി പുതിയ ചെറിയ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് ഫിഷറീസ് മാസ്റ്റർപ്ലാനുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഏതെല്ലാം പുതിയ നിർദ്ദേശങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. എൽ. ജേക്കബ്: ഈ ചോദ്യത്തിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. പി. കെ. കെ. ബാവ: എന്റെ നിയോജക മണ്ഡലത്തിലെ മുനക്കക്കടവിൽ ഈയിടെ ആരംഭിച്ച ഫിഷ്ലാൻഡിംഗ് സെൻറർ ചേറുവാ ആഴിമുഖത്തെ മണൽത്തിട്ട വീണുകിടക്കുന്നത് മാറുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ പ്രവർത്തനക്ഷമമാക്കാൻ സാധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടില്ല. അടിയന്തിരമായി ആ മണൽത്തിട്ട നീക്കി ഫിഷ് ലാൻഡിംഗ് സെന്ററിലേക്ക് ബോട്ടുകൾക്കും വള്ളങ്ങൾക്കും പോകുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കെ. തോമസ്: എന്റെ നിയോജകമണ്ഡലം സമുദ്രനിരപ്പിൽ നിന്നു 3,500 അടി ഉയരമുള്ള പ്രദേശമാണ്. സമുദ്രത്തിൽനിന്നും ഒരു കോൺക്രീറ്റ് തോട് വെട്ടി പുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധിപ്പിച്ചു. മത്സ്യങ്ങളുടെ ഒരു പുതിയ സമൂഹത്തെ ഉണ്ടാക്കിയെടുത്തു. കൂടുതൽ മത്സ്യസമ്പന്നം നടത്തുന്നതിന് ഒരു തുറമുഖമുണ്ടാക്കുന്നതിന് ദയവായി നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അവിടെ ഒരു തുറമുഖം ഉണ്ടാക്കുന്നതിനുവേണ്ടി മി. കെ. കെ. തോമസ് പല പ്രാവശ്യം എന്നോട് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ ഇപ്പോൾ എന്താണ് ചെയ്യേണ്ടതെന്ന് ഒരു പിടിയുമില്ല.

ശ്രീ. വി. ദിനകരൻ: ഫിഷ് ലാൻഡിംഗ് സെന്ററിന്റേയും മിനി ഫിഷിംഗ് ഹാർബറിന്റേയും നിർമ്മാണത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് 50 ശതമാനം സഹായമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. 100 ശതമാനം സഹായം കിട്ടണമെന്ന് കേരളത്തിൽവച്ചു കൂടിയ കേന്ദ്ര ഫിഷറീസ് അഡ്വൈസറി ബോർഡ് കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ചു കേന്ദ്ര ഗവൺമെന്റിൽനിന്നു വ്യക്തമായ വല്ല മറുപടിയും കിട്ടിയിട്ടുണ്ടോ? സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. എ. എൽ. ജേക്കബ്: മറുപടിയൊന്നും ഇതുവരെ കിട്ടിയിട്ടില്ല. കിട്ടിക്കഴിഞ്ഞാൽ ഉടനെതന്നെ അതിന്റെ പണി തുടങ്ങുന്നതാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: നമ്മുടെ ഫിഷ് ലാൻഡിംഗ് സെന്ററിൽ എല്ലാം വെട്ടിവിഴുങ്ങുന്ന തിമിംഗലങ്ങളും, രാഷ്ട്രീയ രംഗത്തുള്ളത്, അവർക്ക് ലാൻഡ് ചെയ്യാൻവേണ്ടി ഒരു പ്രത്യേക ഫിഷ് ലാൻഡിംഗ് സെന്റർ പണികഴിപ്പിക്കാൻ ആലോചിച്ചിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: ഇതിന് എന്തു മറുപടിയാണ് പറയേണ്ടതെന്ന് മി. കുറുപ്പ് തന്നെ ആലോചിച്ചാൽ മതി.

ശ്രീ. വർക്കല രാധാകൃഷ്ണൻ: വർക്കല ഒരു നല്ല മീൻപിടുത്ത കേന്ദ്രമായി വളർന്നുവികസിക്കാനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്. അതുകൊണ്ട് വർക്കലയിൽ ഒരു ഫിഷിംഗ് ഹാർബർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഒരു പ്രോജക്ട് റിപ്പോർട്ട് തന്നാൽ നമുക്ക് അതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോട്ടക്കുഴി സുകുമാരൻ: പുനലൂർ പേപ്പർ മില്ലിലെ വെള്ളം തുറന്നു വിടുന്നതുമൂലം കല്ലട ആറിലേയും അഷ്ടമുടിക്കായലിലേയും മത്സ്യസമ്പത്തു മുഴുവൻ ഓരോ വർഷവും വമ്പിച്ച തോതിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതു തടയാനുള്ള എന്തെങ്കിലും മാർഗ്ഗം സ്വീകരിക്കാൻ ഫിഷറീസ് വകുപ്പ് തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: അത് പരിശോധിക്കുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ബേപ്പൂർ, അഴീക്കോട് തുടങ്ങിയ എല്ലാ ചെറുകിട തുറമുഖങ്ങളുടെയും ഏറ്റവും വലിയ പ്രശ്നം മണൽ നീക്കാത്തതാണ്. മണ്ണ് നീക്കാൻ കഴിയാത്തത് നമുക്ക് ആവശ്യത്തിനുള്ള ഡ്രഡ്ജർ ഇല്ലാത്തതുകൊണ്ടാണ്. അതു കൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു ഡ്രഡ്ജർ കൂടി വാങ്ങുവാനുള്ള പണം ബഡ്ജറിൽ പ്രൊവൈഡ് ചെയ്യുന്ന കാര്യം ആലോചിക്കുമോ?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നമ്മുടെ ചെറുകിട തുറമുഖങ്ങൾക്കാവശ്യമായ ഡ്രഡ്ജർ സൗകര്യം വളരെ പരിമിതമാണ്. ഗവൺമെന്റ് ഇപ്പോഴും സജീവമായി ആലോചിച്ചുകൊണ്ടിരിക്കുന്നത് കുറെക്കൂടി മോഡണൈസ് ചെയ്ത ചെറിയ തരത്തിലുള്ള ജപ്പാൻ നിർമ്മിതമായ ഡ്രഡ്ജറുകളും വാങ്ങിപ്പിക്കുന്ന കാര്യത്തെക്കുറിച്ചാണ്. ഇന്നുള്ള ഡ്രഡ്ജറുകളെല്ലാം ഉപയോഗശൂന്യമായിരിക്കുന്നതുകൊണ്ട് പുതിയ ഡ്രഡ്ജറുകൾ വാങ്ങുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിച്ചുവരികയാണ്. നമ്മുടെ തുറമുഖങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ന്യൂമാഹി പഞ്ചായത്തിൽ ഒരു ഫിഷ്ലാൻഡിംഗ് സെന്റർ രൂപീകരിക്കാൻ നിർദ്ദേശമുണ്ട്. അക്വിസിഷൻ നടപടികളുടെ താമസം മൂലമാണ് അതു നടക്കാത്തത്. അതുകൊണ്ട് റവന്യൂ ഡിപ്പാർട്ടുമെന്റ് തിരുമാനിക്കുന്ന വിലയ്ക്കുതന്നെ ഇതിനാവശ്യമായ സ്ഥലം വാങ്ങിക്കുവാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അതിനെപ്പറ്റി ഒരു റിപ്പോർട്ടും കിട്ടിയിട്ടില്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: കോഴിക്കോട് ജില്ലയിലെ കോളം കടപ്പുറം ഒരു മത്സ്യബന്ധന തുറമുഖമായി വികസിപ്പിക്കുന്നതിന് ഇൻഡ്യാ ഗവൺമെന്റിന്റെ ഒരു റിപ്പോർട്ട് കിട്ടാൻ കാത്തിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഒരു മറുപടി കുറച്ചു മുമ്പ് എനിക്ക് ലഭിക്കുകയുണ്ടായി. അതിന്റെ സ്ഥിതി ഇപ്പോൾ എന്തായി എന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): മത്സ്യബന്ധനത്തിനെ സംബന്ധിച്ചിടത്തോളം ഒരു പ്രോജക്ടറ് റിപ്പോർട്ടും മാസ്റ്റർ പ്ലാനും ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്ന ഇക്കാര്യം എത്തെല്ലാം തരത്തിൽ നടപ്പാക്കണമെന്നു ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പല മെമ്പർമാരും സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് ഏറ്റവും വലിയ വരുമാന മാർഗ്ഗമെന്ന നിലയിൽ ഗവൺമെന്റ് സജീവമായി ഫിഷിംഗിനെ സംബന്ധിച്ച ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുകയാണ്. മാസ്റ്റർ പ്ലാൻ പരിശോധിച്ചതിനു ശേഷം അത് എങ്ങനെ വികസിപ്പിക്കാൻ കഴിയുമെന്ന് പരിശോധിക്കാം. കടലിലും ഉൾനാടൻ ജലാശയങ്ങളിലുമായി വർദ്ധിച്ച മത്സ്യസമ്പത്തുള്ള നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം എങ്ങനെ വർദ്ധിപ്പിക്കാൻ കഴിയുമെന്നുള്ളത് ഗവൺമെന്റ് സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ആ മാസ്റ്റർ പ്ലാനിൽ ആവശ്യമായ തീരുമാനമെടുക്കുന്നതോടുകൂടി നമ്മുടെ സംസ്ഥാനത്തിന് വലിയൊരു വരുമാനമുണ്ടാക്കുവാൻ കഴിയും. ഇന്ന് അതിന് ചില സാങ്കേതികമായ തടസ്സങ്ങളും പ്രയാസങ്ങളുമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഇതു വികസിപ്പിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത് ഒരു നയപരമായ കാര്യമാണ്. ഞാൻ ചോദിച്ചത്. അതല്ല സർ. കോഴിക്കോട് ജില്ലയിലെ കൊല്ലം കടപ്പുറത്തെ കോളം ബീച്ച് ഒരു ചെറിയ തുറമുഖമായി വികസിപ്പിക്കാനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്. ഉദ്യോഗസ്ഥൻമാർ അവിടെ വന്ന് പരിശോധിക്കുകയും ഇതു സംബന്ധമായ കത്തിടപാടുകളെല്ലാം നടത്തുകയും ചെയ്തതായി ഗവൺമെന്റിൽനിന്ന് എനിക്ക് കിട്ടിയ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. 'അത്'. ഇന്ത്യാ ഗവൺമെന്റിന്റെ സമ്മതത്തിനുവേണ്ടി അയച്ചിരിക്കുകയായിരുന്നു. അതിന്റെ പൊസിഷൻ ഇപ്പോൾ എന്താണെന്നാണ് എനിക്കറിയേണ്ടത്.

ശ്രീ. എ. എൽ. ജേക്കബ്: അതിനെപ്പറ്റി ഒരു വിവരവും ഇതുവരെ കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതനുസരിച്ച് അത് അന്വേഷിക്കുന്നതാണ്.

ശ്രീ. കെ. പങ്കജാക്ഷൻ: ചെറിയ തുറമുഖങ്ങളുടെ വികസനത്തിനു വേണ്ടി ഈ വർഷം കേന്ദ്രഗവൺമെന്റിൽനിന്ന് ഒരു പൈസയും നൽകുന്നതല്ല, അതിനുള്ള നിർദ്ദേശമില്ല എന്നു പ്രസ്താവിച്ചതായി കണ്ടു. ചെറിയ തുറമുഖങ്ങളുടെ വികസനത്തിന് കാര്യമായിട്ട് തുക ഉൾക്കൊള്ളിച്ചതായിട്ട് കാണുന്നില്ല. ഈ സാഹചര്യത്തിൽ ഏത് രീതിയിൽ ചെറിയ തുറമുഖങ്ങളുടെ വികസനത്തിനുള്ള നടപടികൾ സ്വീകരിക്കും? കേന്ദ്ര ഗവൺമെന്റിൽനിന്ന് എന്തെങ്കിലും സഹായം ഈ വർഷം കിട്ടിയിട്ടുണ്ടോ?

ശ്രീ. എ.എൽ. ജേക്കബ്: ഇതുവരെയായിട്ട് ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. എസ്. ആർ. തങ്കരാജ്: വിഴിഞ്ഞം ഹാർബറിന്റെ പ്രവർത്തനം മുന്നോട്ടു പോകാത്തത് കേന്ദ്രവിഹിതത്തിനാനുപാതികമായി സംസ്ഥാന വിഹിതം ചെലവാക്കാത്തതാണെന്ന വിവരം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.എൽ. ജേക്കബ്: അതിന്റെ കാര്യത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിലേക്ക് എഴുതി അയച്ചിരിക്കുകയാണ്. അതിന്റെ അനുമതി കിട്ടിയാൽ ഉടനെ ചെയ്യുന്നതാണ്.

ശ്രീ. എം. ജിനദേവൻ: എന്റെ മണ്ഡലമായ ഇടുക്കി ജില്ലയിൽ തുറമുഖങ്ങളില്ല. മൽസ്യബന്ധന സൗകര്യങ്ങളും ഇല്ലാത്ത ഒരു പ്രദേശമാണത്. മൽസ്യമാണെങ്കിൽ ആ പ്രദേശത്തുള്ള ആളുകൾ ധാരാളമായി ഉപയോഗിക്കുന്നു. ഈ വസ്തുത പരിഗണിച്ച് ആലപ്പുഴ തുറമുഖം എന്റെ നിയോജകമണ്ഡലത്തിലെ രാമയ്ക്കൽ മേട്ടിലേയ്ക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. കെ.പി.എ. മജീദ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിട്ട കടലുണ്ടി നഗരം ലാൻഡിംഗ് സെന്ററിന്റെ പണി ഇപ്പോൾ ഏത് സ്റ്റേജിലാണ്; അത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ.എൽ. ജേക്കബ്: അത് പൂർത്തിയാക്കുന്നതാണ്.

ശ്രീ. നാലകത്തു സൂപ്പി: കോഴിക്കോട് പുതിയാപ്പ കടപ്പുറത്തു തുറമുഖത്തിനുവേണ്ടി ബഡ്ജറ്റിൽ പ്രൊവിഷനില്ല എന്നു നേരത്തെ പറഞ്ഞു. ഏതായാലും അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ പ്രൊവിഷനുണ്ടാകുമെന്ന് ഉറപ്പു പറയാൻ പറ്റുമോ? അതില്ലെങ്കിൽ ഈ വർഷംതന്നെ സ്റ്റഡി സർവ്വീസ് പ്രൊസീഡർ ഫോളോ ചെയ്തു കൊണ്ട് ബഡ്ജറ്റിൽ പ്രൊവിഷൻ വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എ.എൽ. ജേക്കബ്: അടുത്ത ബഡ്ജറ്റ് വരുമ്പോൾ അക്കാര്യത്തെപ്പറ്റി ചിന്തിക്കുന്നതാണ്.

ശ്രീ. രാഘവൻ കൊപ്പാഴക്കടവിൽ: കടലോര പ്രദേശങ്ങളുടെ വികസനത്തിന് പ്രത്യേകമായി പ്രാധാന്യം നൽകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ മൽസ്യം പിടിക്കുന്ന, ചേറുവാ അഴിമുഖം വളരെ പ്രധാനപ്പെട്ടതാണ്. ചേറുവാ അഴിമുഖത്തിലെ കടൽമൽസ്യം പിടിക്കുന്നതിനും അതേയവസരത്തിൽ പുഴയിൽനിന്നുള്ള മൽസ്യം പിടിക്കുന്നതിനും രണ്ടു മൽസ്യബന്ധന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): ഗവൺമെന്റിന് വരുമാനം ഉണ്ടാക്കാനുള്ള രണ്ടു മാർഗ്ഗങ്ങളാണ് (ഒന്ന്) മൽസ്യ വികസന പദ്ധതിയും (രണ്ട്) ടൂറിസം വികസനവും. മൽസ്യ വികസന പദ്ധതി ആവിഷ്കരിക്കുമ്പോൾ അതുപോലുള്ള ചെറിയ പദ്ധതികളെല്ലാംതന്നെ അതിൽ ഉൾപ്പെടുത്താനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. വി.സി. കബീർ: അങ്ങേക്കുകൂടി താൽപ്പര്യമുള്ള വിഷയമാണ് പറയുന്നത്. തൃശ്ശൂരിലെ നാട്ടികയിൽ സുപ്രസിദ്ധമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ബീച്ചുണ്ട്. ആ ബീച്ചിനോടനുബന്ധിച്ച് ഒരു മിനി പോർട്ട് ആരംഭിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെൻറ് ആലോചിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഒരു മിനി പോർട്ട് അവിടെ ആരംഭിക്കുന്നതിനെക്കുറിച്ച് ഒരു തീരുമാനം എടുക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. എസ്. രാമചന്ദ്രൻപിള്ള: ആലപ്പുഴ ജില്ലയിൽ തോട്ടപ്പള്ളിയിലെ ഫിഷ് ലാൻറിങ്ങ് സെൻറർ ഒരു ഫിഷിംഗ് ഹാർബറാക്കാൻ വേണ്ടി ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ.എൽ. ജേക്കബ്: അതിനെപ്പറ്റി ചിന്തിക്കാം.

ശ്രീ. എം.പി.എ. ഇസഹാക്ക് കുരിക്കൾ: നമ്മുടെ സംസ്ഥാനത്തെ തുറമുഖങ്ങളിലും കടലോരപ്രദേശങ്ങളിലും ലൈറ്റ് ഹൗസുകൾ സ്ഥാപിക്കാൻ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ്? അപകടകരമായ കടലോരപ്രദേശങ്ങളിൽ ലൈറ്റ് ഹൗസുകൾ സ്ഥാപിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എവിടെയെല്ലാം? അതിനാവശ്യമായ സാധ്യ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ.എൽ. ജേക്കബ്: സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ട്.

ശ്രീ. കെ. മൂസ്സക്കുട്ടി: മലബാറിലെ പ്രധാനപ്പെട്ട ഒരു തുറമുഖമാണ് ബേപ്പൂർ തുറമുഖം. ബേപ്പൂരിൽ ഫിഷിംഗിനുവേണ്ടി മൽസ്യത്തൊഴിലാളികൾ കടലിൽ ഇറങ്ങുന്നത് വളരെ പ്രയാസപ്പെട്ടു കൊണ്ടാണ്. അത് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? അതുപോലെതന്നെ ആഴക്കടലിൽ പോകുവാനുള്ള സൗകര്യങ്ങളൊന്നും ഈ മൽസ്യത്തൊഴിലാളികൾക്ക് അവിടെയില്ല. ഈ ദുഃസ്ഥിതി മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതിന് പരിഹാരമുണ്ടാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ.എൽ. ജേക്കബ്: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. പി.സി. ജോർജ്: സാധാരണ മീൻപിടിക്കുന്ന പരിപാടി ഉണ്ട്. എന്നാൽ കലക്കുവെള്ളത്തിൽ മീൻ പിടിക്കുന്ന പരിപാടിയോട് ഗവൺമെൻറിനെറ സമീപനമെന്താണ്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി ഒന്ന് വിശദീകരിക്കാമോ?

(ഉത്തരം പറഞ്ഞില്ല.)

ശ്രീ. ഇ.ജെ. ലൂക്കോസ്: കോട്ടയം ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രവും, കരിമീൻ തുടങ്ങിയിട്ടുള്ള നല്ല മൽസ്യവും ലഭിക്കുന്ന കുമരകത്തു ഫിഷ് ലാൻറിംഗ് സെൻറർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. എ.എൽ. ജേക്കബ്: നല്ല നിർദ്ദേശമാണ്. അതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പത്മനാഭൻ: ഇവിടെ 'ചെറിയ തുറമുഖങ്ങളും ചെറിയ കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും സ്ഥാപിക്കുക' എന്നതു സംബന്ധിച്ചാണ് ചോദ്യം. കരയ്ക്കടുത്തുകഴിഞ്ഞാൽ ആ പ്രദേശത്തു മനുഷ്യർക്ക്, എത്തണമെന്നുണ്ടെങ്കിൽ അതിന് സൗകര്യമുണ്ടാകണം. അതിനുവേണ്ടി തിരൂർ മുതൽ എറണാകുളംവരെയുള്ള ഒരു തിരദേശറയിൽവേ ലൈൻ ഉണ്ടാക്കുന്നതിനെപ്പറ്റിക്കൂടി ആലോചിക്കുമോ?

ശ്രീ. എ.എൽ. ജേക്കബ്: ഇതുമായി ഒരു ബന്ധവുമില്ലാത്ത ചോദ്യമാണ്.

ശ്രീ. ജോസ് കുറ്റ്യാനി: കണ്ണൂർ ജില്ലയിലെ തലായി എന്ന സ്ഥലം ഈ നിയമസഭയിലെ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നിയോജകമണ്ഡലമാണ്. ആ തലായി മൽസ്യബന്ധനത്തിന് വളരെയേറെ സൗകര്യമുള്ള ഒരു പ്രദേശമാണ്. ആ സ്ഥലം ഒരു ഫിഷ് ലാന്റിംഗ് സെന്ററാക്കി മാറ്റുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. എ.എൽ. ജേക്കബ്: ഈ കാര്യം പരിശോധിക്കാം.

ശ്രീ. ഒ. ഭരതൻ: ഏഴിമല, നാവിക അക്കാഡമി സ്ഥാപിക്കുവാൻ തീരുമാനിച്ചതിനെത്തുടർന്ന് അതിന്റെ പരിസരപ്രദേശത്തുള്ള പുഴയിൽ നിന്നും മൽസ്യബന്ധനം നടത്തുന്ന മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനം നടത്താൻ അനുമതി നിഷേധിക്കുകയാണ്. നൂറു കണക്കിന് മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മൽസ്യബന്ധനം നടത്താൻ സാധിക്കുന്നില്ല. അതുകൊണ്ട് തുടർന്നും അവർക്ക് അവിടെ മൽസ്യബന്ധനം നടത്തുവാനുള്ള സൗകര്യവും അനുവാദവും നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. എ.എൽ. ജേക്കബ്: പരിശോധിച്ചുവരുന്നു.

ശ്രീ. ജി. കാർത്തികേയൻ: മൽസ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾക്കുവേണ്ടി എന്തു സംവിധാനമാണ് ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ളത്. അവർക്ക് എന്തെങ്കിലും തൊഴിലധിഷ്ഠിതവിദ്യാഭ്യാസം ഏർപ്പെടുത്തിയിട്ടുണ്ടോ? അവർക്ക് ഉച്ചക്ഷേണം നൽകുന്നതിനുള്ള സംവിധാനം ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): തീരദേശത്തുള്ള ഫിഷറീസ് വില്ലേജുകളിലെ വിദ്യാലയങ്ങളിൽ 1984 മുതൽ ഇന്ദിരാഗാന്ധിയുടെ ജൻമദിനമായ നവംബർ 19-ാം തീയതി മുതൽ ഒരു പ്രത്യേക സ്കീം പ്രകാരം ഉച്ചക്കഞ്ഞി കൊടുക്കുന്നതിനുള്ള ക്രമീകരണം ആദ്യമായി ഏർപ്പെടുത്തുകയുണ്ടായി. തീരദേശത്തുള്ള എല്ലാ വിദ്യാലയങ്ങളിലും ഉച്ചക്കഞ്ഞി വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. ഫിഷറീസ് സ്കൂളുകൾ പ്രത്യേകമായി തിരഞ്ഞെടുത്ത് അവിടെ വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സ് ആരംഭിച്ചിട്ടുണ്ട്. അതിനുപുറമേ അവർക്ക് ഫിഷിംഗുമായിട്ട് ബന്ധപ്പെട്ട കാര്യങ്ങളിൽ കൂടുതൽ പരിശീലനം കിട്ടത്തക്കനിലയിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പരിശീലിപ്പിക്കുന്നത്. അങ്ങനെ പരിശീലനം സിദ്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ സ്വയംതൊഴിൽ കണ്ടെത്തുകയും ഗവൺമെന്റിൽനിന്നുള്ള സഹകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് മറ്റ് തൊഴിൽ മാർഗ്ഗങ്ങളിൽ ബന്ധപ്പെടുന്നതിനും അവർക്ക് കഴിയുകയും ചെയ്യുന്നുണ്ട്. ഫിഷർമെൻസ് കുട്ടികൾക്ക് പ്രത്യേകമായിട്ടുള്ള സ്കൈപ്പെൻറും നൽകുന്നുണ്ട്. അവരുടെ സമഗ്രമായ വികസനത്തിനുവേണ്ടി ധാരാളം പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: എന്റെ നിയോജകമണ്ഡലമായ നാട്ടികയിലെ ചേറ്റുവായിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഫിഷ്ലാൻറിംഗ് സെൻറിന്റെ നിർമ്മാണത്തിന് ഭൂമി അക്വയർ ചെയ്യുവാനുള്ള കാലതാമസമാണ് അതിന്റെ പണി ആരംഭിക്കാത്തത്. എന്നുള്ള വസ്തുത മനസ്സിലാക്കി ഭൂമി അക്വിസിഷനുള്ള കാലതാമസം ഒഴിവാക്കാൻ ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുവാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രദ്ധിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ഇതിന് പ്രത്യേകമായ നോട്ടീസ് വേണം.

ശ്രീ. വി. കേശവൻ: കായംകുളം ഫിഷിംഗ് ഹാർബറിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ് എന്നു പറഞ്ഞു: കായംകുളം കായൽ നികത്തി അവിടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ഒരു തെർമൽ പ്ലാൻറ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതായിട്ട് പറഞ്ഞുകേൾക്കുന്നു. അങ്ങനെയൊരു തീരുമാനം ഗവൺമെൻറ് എടുത്തിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ അവിടത്തെ മൽസ്യത്തൊഴിലാളികളേയും ഫിഷിംഗ് ഹാർബറിനേയും പ്രവർത്തനത്തെ ദോഷകരമായി ഇതു ബാധിക്കുകയില്ലേ? എന്താണ് ഗവൺമെൻറു തീരുമാനം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): കായംകുളം ഫിഷിംഗ് ഹാർബറിനെ സംബന്ധിച്ചിടത്തോളം നമ്മുടെ എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ദ്ധ വിഭാഗം പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനും തെർമൽ പ്ലാൻറ് സ്ഥാപിക്കുന്നതിനും ഗവൺമെൻറിന്റെ മുമ്പിൽ നിർദ്ദേശം ഉണ്ട്. എന്നാൽ ഇത് രണ്ടും രണ്ടു സ്ഥലത്താണ്. ബഹുമാനപ്പെട്ട മെമ്പർക്ക് അതിനെക്കുറിച്ച് ബോദ്ധ്യമില്ലാത്തതുകൊണ്ടാണ്. ഫിഷിംഗ് ഹാർബർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ആലപ്പാട് പഞ്ചായത്തും ആറാട്ടുപുഴ പഞ്ചായത്തും ചേരുന്ന പ്രദേശത്താണ്. കേന്ദ്രഗവൺമെൻറിന്റെ മുൻപിൽ തെർമൽ പ്ലാൻറിനു വേണ്ടി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് കായംകുളം കായലിന്റെ ഇപ്പോഴത്തെ അഗ്രികൾച്ചറൽ ഫാമുമായി ബന്ധമുള്ള പ്രദേശമാണ് അവർ സജഷനായി വച്ചിട്ടുള്ളത്. ഇതു രണ്ടും വ്യത്യസ്തമാണ്. ഫിഷിംഗ് ഹാർബറിനെ സംബന്ധിച്ചുള്ള സാങ്കേതികമായ എല്ലാ പരിശോധനയും നടത്തി ലാൽബഹദൂർശാസ്ത്രി ഇൻസ്റ്റിറ്റ്യൂട്ടുകാർ അതിന്റെയെല്ലാം പ്രോജക്ടുകളും തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. മൂന്നു വർഷമായി അവർ പരിശോധന തുടങ്ങിയിട്ട്. തുലാവർഷത്തിലും മാറും വെള്ളമുണ്ടാകുന്ന അവസരങ്ങളിലെല്ലാം പരിശോധന നടത്തുന്നുണ്ട്. ഫിഷിംഗ് ഹാർബറും തെർമൽപ്ലാൻറുമായി യാതൊരു ബന്ധവുമില്ല. തെർമൽ പ്ലാൻറിനുവേണ്ടി സജസ്റ്റ് ചെയ്തിരിക്കുന്ന സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

800 ഏക്കർ വരുന്ന അഗ്രിക്കൾച്ചറൽ കായംകുളം കായൽ ഫാം എന്നു പറയുന്ന പ്രദേശമാണ്. ഇത് രണ്ടു വ്യത്യസ്തമായ പ്രദേശമാണെന്ന കാര്യത്തിൽ സംശയിക്കേണ്ട കാര്യമില്ല.

ശ്രീ. സ്റ്റീഫൻ പാദുവ: കൊച്ചിയിലുള്ള ഫിഷിംഗ് ഹാർബറിൽ കൂടുതൽ ബോട്ടുകൾ അടുക്കുവാനുള്ള സൗകര്യം ചെയ്തു കൊടുക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ദയവുണ്ടാകുമോ?

ശ്രീ. എ.എൽ. ജേക്കബ്: ഇപ്പോഴത്തന്നെ കൂടുതൽ ബോട്ടുകൾ അവിടെ അടുക്കുന്നുണ്ട്. വേണമെങ്കിൽ കൂടുതലായി അതിനെപ്പറ്റി ചിന്തിക്കാം.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി

*475 [506] ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. കെ. പുരുഷോത്തമൻ:
,, ടി. കെ. അറുമുഖൻ:
,, വി. എസ്. ചന്ദ്രശേഖരൻപിള്ള:
,, ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി എന്നാണ് പുനഃസംഘടിപ്പിച്ചത്;

(ബി) സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിനകം എന്തെല്ലാം പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്;

(ഡി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി 29-5-1984-ലെ ഗവ: ഉത്തരവ് നമ്പർ (എം.സ്.) 45/84/പ്ലാനിങ്ങ് അനുസരിച്ച് പുനഃസംഘടിപ്പിച്ചു.

(ബി) ശാസ്ത്ര സാങ്കേതിക വിദ്യകളെ മനുഷ്യക്ഷേമത്തിനായി ബോധപൂർവ്വം ഉപയോഗിക്കുകയെന്ന മൗലിക ലക്ഷ്യമാണ് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റിക്കുള്ളത്. ശാസ്ത്ര സാങ്കേതിക ഗവേഷണങ്ങളെ പ്രോത്സാഹിപ്പിച്ച് വികസന യത്നങ്ങൾക്ക് ആക്കം കൂട്ടുക, ശാസ്ത്ര സാങ്കേതിക നയങ്ങളെ പദ്ധതികളിലൂന്നുന്ന വികസന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുത്തുക, ഗവൺമെൻറ്, അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങളിലും വകുപ്പുകളിലും മറ്റും നടക്കുന്ന വിവിധ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും രാജ്യത്തിൻറെ അടിയന്തിരാവശ്യങ്ങൾക്കായുള്ള ഗവേഷണങ്ങൾക്ക് കൂടുതൽ പ്രോൽസാഹനം നൽകുകയും ചെയ്യുക, ജനങ്ങളിൽ ശാസ്ത്രബോധം വളർത്തുക തുടങ്ങിയവയും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly